276667/2024

നമ്പർ: DTE TVM/1689/2024-ACB2

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**

**പത്മവിലാസം സ്ട്രീറ്റ്, ഫോർട്ട്,**

**നാലുമുക്ക്, തിരുവനന്തപുരം.**

**വിജ്ഞാപനം**

17/05

ACB2

DIRECTORATE OF TECHNICAL EDUCATION
17 MAY 2024
THIRUVANANTHAPURAM

സൂചിക: **G.O.(Rt.)No. 554/2024/H.Edn Dated 15/05/2024**

## 2024–25 ലെ എഞ്ചിനിയറിംഗ് ഡിഗ്രി(ലാറ്ററൽ എൻട്രി) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

1. കേരളത്തിലെ എ.ഐ.സി.റ്റി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2024–25 വർഷത്തെ എഞ്ചിനിയറിംഗ് ഡിഗ്രി(B.Tech through Lateral Entry) കോഴ്സുകളിലേയ്ക്ക് ലാറ്ററൽ എൻട്രി വഴിയുള്ള പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർക്ക് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ 2024 മേയ് 17 മുതൽ ജൂൺ 16 വരെ അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണം 2024 ജൂൺ 17 വരെ. അപേക്ഷാ ഫീസ് പൊതു വിഭാഗത്തിന് 1000 രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് 500 രൂപയുമാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

**1) നേറ്റിവിറ്റി** : അപേക്ഷകർ ഇന്ത്യൻ പൗരത്വം ഉള്ളവർ ആയിരിക്കണം. കേരളീയരായ അപേക്ഷകരെ മാത്രമെ സംവരണം, ഫീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയുള്ളൂ. മറ്റുള്ളവരെ സ്റ്റേറ്റ് മെരിറ്റ് സീറ്റുകളിലേക്കും മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളിലേക്കും മാത്രമെ പരിഗണിക്കുകയുള്ളു.

**2) വിദ്യാഭ്യാസ യോഗ്യത:**

3 വർഷം/2 വർഷം(ലാറ്ററൽ എൻട്രി) ദൈർഘ്യമുള്ള എഞ്ചിനിയറിംഗ് ടെക്നോളജി ഡിപ്ലോമ

അല്ലെങ്കിൽ

സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡ്/ഇന്ത്യാ ഗവൺമെന്റിന് കീഴിലുള്ള സ്ഥാപനങ്ങൾ/ അംഗീകൃത സ്ഥാപനങ്ങൾ നിന്ന് നേടിയ 3 വർഷ ഡി.വോക്ക്.

അല്ലെങ്കിൽ

2+10തലത്തിൽ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ച്, യു.ജി.സി. അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബി.എസ്.സി ബിരുദം.

അപേക്ഷകർ മുകളിൽ പറഞ്ഞിട്ടുള്ള വിദ്യാഭ്യാസ യോഗ്യത പ്രോസ്പെക്ടസ്സിലെ ഖണ്ഡിക 4.1.1/ 4.1.2 പ്രകാരം പാസ്സായിരിക്കുകയും അതോടൊപ്പം ലാറ്ററൽ എൻട്രി പ്രവേശന പരീക്ഷയിൽ യോഗ്യത നേടുകയും വേണം. (വിശദാംശങ്ങൾക്കു പ്രോസ്പെക്ടസ് പരിശോധിക്കുക).

വ്യത്യസ്ഥ മേഖലകളിൽ നിന്നും യോഗ്യത നേടിയവർക്ക് യൂണിവേഴ്സിറ്റി തലത്തിൽ നിർദ്ദേശിക്കുന്ന ഒരു ബ്രിഡ്ജ് കോഴ്സിൽ യോഗ്യത നേടേണ്ടതായിവരും.

മേൽപ്പറഞ്ഞ യോഗ്യത പരീക്ഷയ്ക്കുള്ള അവസാന വർഷ പരീക്ഷ ഈ വർഷം എഴുതുന്നവർക്കും/എഴുതി ഫലം കാത്തിരിക്കുന്നവർക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രവേശന സമയത്ത് അപേക്ഷാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കേണ്ടതാണ്.

UGC അംഗീകാരമുള്ള യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയവർക്ക് Equivalency/Eligibility സർട്ടിഫിക്കറ്റ് ആവശ്യമില്ല.

3. വയസ്സ്

അപേക്ഷകർക്ക് 31/12/2024 ൽ 18 വയസ്സ് പൂർത്തിയായിരിക്കണം. ഉയർന്ന പ്രായപരിധിയില്ല. ഒരു കാരണവശാലും വയസ്സിളവ് അനുവദിക്കുന്നതല്ല.

4.പ്രവേശന പരീക്ഷ: കേരള സംസ്ഥാനത്തിലെ എല്ലാ ജില്ലാതല പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് പ്രവേശന പരീക്ഷ നടത്തുന്നതാണ്. ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷയായിരിക്കും. 120 മിനിട്ട് ദൈർഘ്യത്തിൽ 120 ചോദ്യങ്ങൾ ഉൾപ്പെട്ടതായിരിക്കും പരീക്ഷ. പരീക്ഷ തീയതി പിന്നീട് അറിയിക്കുന്നതാണ്.

വിദ്യാഭ്യാസ യോഗ്യത നേടി പ്രവേശന പരീക്ഷ പാസ്സായ അപേക്ഷാർത്ഥികൾക്ക് B.Tech ഏതു ബ്രാഞ്ചിലേക്കും പ്രവേശനം നേടാവുന്നതാണ്. ഡിപ്ലോമ/ഡി.വോക്ക്. യോഗ്യതയുള്ളവരുടെ പ്രവേശനത്തിനുശേഷം ഒഴിവു വരുന്ന സീറ്റുകളിലേക്കായിരിക്കും ബി.എസ്.സി ഡിഗ്രി അപേക്ഷ കരെ പരിഗണിക്കുന്നത്.

5. പ്രോസ്സ്പെക്ടസ്സിന്റെ ലഭ്യത

പ്രോസ്സ്പെക്ടസ്സ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

6. അപേക്ഷാഫോറം സമർപ്പിക്കുന്ന രീതി

അപേക്ഷ സമർപ്പിക്കുന്നതിന് നാല് ഘട്ടങ്ങളുണ്ട്. അപേക്ഷകർ എല്ലാ ഘട്ടങ്ങളും നിർബന്ധമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതാണ്.

ഘട്ടം 1 രജിസ്ട്രേഷൻ

അപേക്ഷകർ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് 'Admission to B.Tech(Lateral Entry) course 2024-25' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. ഇപ്പോൾ സ്ക്രീനിൽ ലഭ്യമാകുന്ന പേജിൽ നിന്നും 'Registration' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് വ്യക്തിഗത വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യുക. അപ്പോൾ രജിസ്റ്റർ ചെയ്ത മെയിൽ ഐഡിയിലേക്കു ആക്ടിവേഷൻ ലിങ്ക് ഉൾകൊള്ളുന്ന മെയിൽ ലഭിക്കുന്നതാണ് അതിൽ ക്ലിക്ക് ചെയ്തു ലോഗിൻ ആക്റ്റിവേറ്റ് ചെയ്യുക. ഇതോടോപ്പം രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിലേക്കു രജിസ്ട്രേഷൻ ഐഡി അടങ്ങുന്ന. രജിസ്ട്രേഷൻ വിജയകരമായി പൂർത്തിയാക്കിയ സന്ദേശവും ലഭിക്കുന്നതാണ്. ലോഗിൻ ചെയ്യാൻ ഉപയോഗിക്കുന്ന രജിസ്ട്രേഷൻ ഐഡിയും, രജിസ്ട്രേഷന് ഉപയോഗിച്ച മെയിൽ ഐഡിയും, പാസ്സ്‌വേർഡും അപേക്ഷാർത്ഥികൾ സൂക്ഷിച്ചു വെയ്ക്കേണ്ടതും അവ മറ്റാർക്കും കൈമാറാൻ പാടില്ലാത്തതുമാണ് രജിസ്ട്രേഷൻ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ചോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത മെയിൽ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ചോ ലോഗിൻ ചെയ്യാവുന്നതാണ്. ലോഗിൻ ചെയ്ത ശേഷം വ്യക്തിഗത വിവരങ്ങൾ നൽകി അപേക്ഷ ഫോം പൂരിപ്പിക്കാവുന്നതാണ് അക്കാഡമിക് വിവരങ്ങൾ ,ഫോട്ടോ ,ഒപ്പ് എന്നിവയെല്ലാം നൽകേണ്ടതാണ്

ഘട്ടം 2 അപേക്ഷാഫീസ് ഒടുക്കുന്നത്

അപേക്ഷാഫീസ് ഓൺലൈനായോ ചലാൻ മുഖേനെയോ അടയ്ക്കാം. ഓൺലൈനായി ഫീസ് അടയ്ക്കുന്നവർക്ക് തുടർന്നു സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ് സാങ്കേതികമായ കാരണങ്ങളാൽ ഓൺലൈൻ പേയ്മെന്റ് അപ്ഡേറ്റ് ആകുന്നതിനു 6 മണിക്കൂർ വരെ കാലതാമസം നേരിട്ടേക്കാം. ചലാൻ വഴി ഫീസ് അടയ്ക്കുന്നവർക്ക് ചുരുങ്ങിയത് 24 മണിക്കൂർ കഴിഞ്ഞു വെബ്സൈറ്റ് വഴി ലോഗിൻ ചെയ്ത് ഫീസ് ഒടുക്കിയ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാൻ സാധിക്കുന്നതാണ്. ഇതിനായി ബാങ്കിൽ ഫീസ് ഒടുക്കിയ ചലാൻ നമ്പറും തീയതിയും സൂക്ഷിച്ചു വെയ് ക്കേണ്ടതാണ്.

ഘട്ടം 3 സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുക.

അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ (to prove age, nativity, reservation, fee concession(if any), marklist etc) ആണ് ഈ ഘട്ടത്തിൽ അപ്‌ലോഡ് ചെയേണ്ടത്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള എല്ലാ സർട്ടിഫിക്കറ്റുകളും പ്രോസ്പെക്ടസിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ തന്നെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ഘട്ടം 4 ഫൈനൽ സബ്മിഷന്

ഫൈനൽ സബ്മിഷൻ നൽകുന്നതിനു മുൻപായി അപേക്ഷകർക്ക് അപേക്ഷയുടെ കരട് പതിപ്പ് കാണുവാൻ കഴിയും. **ഘട്ടം 3** വരെ ശരിയായി പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തിയ ശേഷം 'Declaration' നൽകുക. ഫൈനൽ **'Save and submit'** നു ശേഷം ആപ്ലിക്കേഷനിൽ മാറ്റം വരുത്താൻ സാധിക്കുന്നതല്ല.

**Final confirmation നടത്താത്ത അപേക്ഷകൾ പൂർണ്ണമല്ലാത്തതായി പരിഗണിക്കുകയും അപേക്ഷ നിരസിക്കുന്നതുമാണ്. ഈ അപേക്ഷകരെ പ്രവേശന പരീക്ഷയ്ക്ക് പങ്കെടുപ്പിക്കുന്നതല്ല.**

| **അപേക്ഷകർ പാസ്സ്‌വേർഡും രജിസ്ട്രേഷൻ ഐ.ഡി യും രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.** |
|---|

**അപേക്ഷാഫോമിന്റെയോ മറ്റ് സർട്ടിഫിക്കറ്റുകളുടെയോ പ്രിന്റൗട്ട്(Hard copy) യാതൊരു കാരണവശാലും എൽ.ബി.എസ്സ് സെന്ററിലേക്ക് നേരിട്ടോ, തപാലിലോ അയക്കേണ്ടതില്ല.**

അപേക്ഷകർ സമർപ്പിച്ച അപേക്ഷയുടെ പരിശോധനക്കുശേഷമുള്ള വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസിദ്ധപ്പെടുത്തിയ വിവരങ്ങൾ പരിശോധിച്ച് പരാതിയുണ്ടെങ്കിൽ വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന രീതിയിൽ നിശ്ചിത സമയത്തിനുള്ളിൽ അറിയിക്കേണ്ടതാണ്. അപേക്ഷകർ തങ്ങളുടെ അവകാശവാദങ്ങൾ പരിശോധിച്ച് പരാതി ഉണ്ടെങ്കിൽ നിശ്ചിത ദിവസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കാത്തതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് അപേക്ഷകർ മാത്രമായിരിക്കും ഉത്തരവാദി. നിർദ്ദിഷ്ട തീയതിക്കുശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

7. **ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിധം**

7.1 റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്ന അപേക്ഷകർക്ക് മാത്രമേ കോളേജ് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ട സമയപരിധി വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലുടെയും പ്രസിദ്ധപ്പെടുത്തുന്നതാണ്. കോളേജുകളെപറ്റിയുള്ള വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകും.

7.2 **ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം:** ഇന്റർനെറ്റ് സൗകര്യമുള്ള ഏതു കംപ്യൂട്ടറിലും നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാം. സമയപരിധിക്കുള്ളിൽ ഓൺ ലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്ത അപേക്ഷകരെ അലോട്ട്മെന്റിനു വേണ്ടി പരിഗണിക്കുന്നതല്ല.

8. അപൂർണ്ണമായതോ, തെറ്റായതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

9. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല.

10. പ്രവേശന പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി എൽ.ബി.എസ്സ് സെന്റർ ഫോർ സയൻസ് & ടെക്നോളജി ഡയറക്ടർ അലോട്ട്മെന്റ് നടത്തുന്നതാണ്.

11. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

17.05.24

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

DIRECTOR OF TECHNICAL EDUCATION
THIRUVANANTHAPURAM

തിരുവനന്തപുരം
16.05.2024

OFFICE OF THE DIRECTOR OF TECHNICAL EDUCATION
KERALA STATE
Thiruvananthapuram
Pin-695 023